## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2604** **17/06/2019-ൽ മറുപടിയ്ക്ക്**

## പട്ടികവർഗ്ഗക്കാരുടെ നൈപുണ്യവികസനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ജോർജ് എം. തോമസ്**<br>**,, കെ. ആൻസലൻ**<br>**,, പി. ഉണ്ണി**<br>**,, ജോൺ ഫെർണാണ്ടസ് :** | | **എ.കെ.ബാലൻ**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി)** | |
| (എ) | അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്ത മാക്കാമോ; | (എ) | കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം നൽകേണ്ടതും പട്ടികവർഗ്ഗക്കാർക്കായി സംവരണം ചെയ്തിട്ടുള്ളതുമായ തസ്തികളിൽ മതിയായ യോഗ്യതയില്ലാത്തതിനാൽ ചില തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്. അവ നികത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി പോലീസ്, എക്സൈസ്, വനം എന്നീ വകുപ്പുകളിൽ പട്ടികവർഗ്ഗക്കാരായ അഭ്യസ്തവിദ്യരെ നിയമിച്ചിട്ടുണ്ട്. മറ്റു സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ഇത്തരം നിയമനങ്ങൾ നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചു വരുന്നു. വകുപ്പിന്റെ വിവിധ പദ്ധതികളുടെ ഭാഗമായി സർക്കാർ തലത്തിൽ 2603 പേർക്ക് തൊഴിൽ നല്കി.<br><br>സർക്കാർ മേഖലയിൽ തൊഴിൽ നേടുന്നതിനായി എല്ലാ ജില്ലാ ഓഫീസുകൾ മുഖേനയും പ്രത്യേക പി.എസ്.സി പരിശീലനങ്ങൾ, ബാങ്ക് പ്രവേശന പരിശീലനങ്ങൾ, റയിൽവെ റിക്രൂട്ട്മെന്റ് ബോർഡ് പരിശീലനങ്ങൾ എന്നിവ നടത്തി വരുന്നു.<br><br>എംപ്ലോയ്മെന്റ് എക്സ്ചെയ്ഞ്ചുകളിൽ തൊഴിൽരഹിതരായവരെ രജിസ്റ്റർ ചെയ്യുന്നതിന് സഹായിക്കുന്നതിനുള്ള സ്പെഷ്യൽ ഡ്രൈവ് തൊഴിൽ വകുപ്പുമായി ചേർന്ന് നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 2018-19 വരെ ഇത്തരത്തിൽ അഭ്യസ്തവിദ്യരായ 3428 പേർക്ക് വിവിധ മേഖലകളിൽ നൈപുണ്യ വികസന പരിശീലനം |

| | | | |
|---|---|---|---|
| | | | നൽകി തൊഴിൽ ഉറപ്പ് വരുത്തിയിട്ടുണ്ട്. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളിൽ അഭ്യസ്ത വിദ്യരായ പട്ടിക വർഗ്ഗക്കാർക്ക് താല്ക്കാലിക നിയമനവും നൽകിയിട്ടുണ്ട്.<br>പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് ഐറ്റി മേഖലയിൽ ഡെസ്ക് ടോപ് ഇഞ്ചിനീയറിംഗ്, ഹാർഡ് വെയർ / സോഫ്റ്റ് വെയർ എന്നിവയിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പ വരുത്തുന്നതിനായി സെന്റർ ഓഫ് എക്സലൻസ് എന്ന സ്ഥാപനം തിരുവനന്തപുരത്ത് മണ്ണന്തലയിൽ പ്രവർത്തിച്ചു വരുന്നു. |
| (ബി) | പട്ടികവർഗ്ഗങ്ങളിലെ അതീവ ദുർബല വിഭാഗങ്ങളിൽ നിന്ന് ഏതെല്ലാം വകുപ്പുകളിലേയ്ക്കാണ് പി.എസ്.സി. മുഖേന സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തിയതെന്ന് അറിയിയ്ക്കാമോ; | (ബി) | പോലീസ്, എക്സൈസ്, വനംവകുപ്പ് എന്നീ വകുപ്പുകളിലേക്കാണ് പട്ടികവർഗ്ഗങ്ങളിലെ അതീവ ദുർബല വിഭാഗങ്ങളിൽ നിന്ന് പി.എസ്.സി മുഖേന സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തിയത്. |
| (സി) | ഇവർക്ക് സ്വകാര്യ സ്ഥാപനങ്ങളിൽ മെച്ചപ്പെട്ട ജോലി ലഭിക്കുന്നതിന് നൈപുണ്യ വികസന പരിശീലന പരിപാടി സംഘടിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സ്വകാര്യ സ്ഥാപനങ്ങളിൽ മെച്ചപ്പെട്ട തൊഴിൽ ലഭ്യമാക്കുന്നതിന് 2016-17 മുതൽ ധാരാളം നൈപുണ്യ വികസന പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നു. ആട്ടോമൊബൈൽ ഇൻഡസ്ട്രി, ടൂറിസം, ഹോട്ടൽ മാനേജ്മെന്റ് (ഹൗസ് കീപ്പിംഗ്), ഫുഡ് ആന്റ് ബിവറേജ്, പ്ലാസ്റ്റിക് വ്യവസായം, ആയുർവേദ പഞ്ചകർമ്മ തെറാപ്പി, അപ്പാരൽ, ഡെസ്ക്ടോപ്പ് എഞ്ചിനിയറിംഗ്, നെറ്റ് വർക്കിംഗ്, മൾട്ടിമീഡിയ, ഹാർഡ് വെയർ ആന്റ് സോഫ്റ്റ് വെയർ മെയിന്റനൻസ് തുടങ്ങിയ മേഖലകളിൽ തൊഴിൽ ലഭിക്കുന്നതിനുള്ള പരിശീലനം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ